DESPATCHED
On 12/06/2020

27/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2300*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9455**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സജീവ്,
S/o രാമകൃഷ്ണൻ,
വാഴവിള കോണത്തു പുത്തൻവീട്,
വിളക്കുപാറ പി.ഒ., മുഴതാങ്ങ്,
അഞ്ചൽ വഴി, കൊല്ലം.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഇൻസ്പെക്ടർ എച്ച്.എസ്.ഒ.,
പോലീസ് സ്റ്റേഷൻ, അഞ്ചൽ.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
പുനലൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.08.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.09.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 05.09.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സജീവ്, 03.09.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 05.09.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2300(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വിവരങ്ങൾ നിഷേധിച്ചു കൊണ്ട് മറുപടി ലഭിച്ചിരുന്നുവെന്നും 03.08.2018ൽ ഹിയറിംഗിനു ഹാജരാകണ മെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് 04.08.2018നാണ് ലഭിച്ചതെന്നും തുടർന്ന് 10.08.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ 23.08.2018ന് ഹിയറിംഗിന് ഹാജരാ കാൻ കത്തു നൽകിയിരുന്നുവെന്നും അപ്പീൽ പരിഗണിച്ച രണ്ടാം എതിർക ക്ഷിയും നിയമലംഘനം നടത്തിയെന്നും ആകയാൽ മന:പ്പൂർവ്വം വിവരങ്ങൾ നിഷേധിച്ചതിന് എതിർകക്ഷികൾക്കെതിരെ നിയമം അനുശാസിക്കുന്ന നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.07.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ടിയാൻ നൽകിയ പരാതിയെ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും ടി പരാതി യുടെ പകർപ്പ്, പെറ്റീഷൻ നമ്പർ, എതിർകക്ഷികളെ വിളിപ്പിച്ച് താക്കീതുകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ സ്റ്റേഷൻ രേഖക ളിൽ ഒപ്പിടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും നൽകണമെന്നും പ്രതിയെ 15.11.2017ന് വീട്ടിൽ നിന്നും അറസ്റ്റ് ചെയ്ത് തയ്യാറാക്കിയിട്ടുള്ള എഫ്.ഐ.ആറി ന്റെയും ഫൈനൽ റിപ്പോർട്ടിന്റെയും പകർപ്പുകളും 15.11.2017ലെ ജി.ഡി.യുടെ പകർപ്പ് എന്നിവ നൽകണമെന്നുമാണ്. ആയതിന് 03.08.2018ന് മറുപടി നൽകിയ തായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 14.08.2018നും മറുപടി നൽകിയിട്ടുണ്ട്. ടി മറുപടിയിൽ രേഖപ്പെടുത്തിയിരുന്നത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ വിവരങ്ങൾ നിഷേധിച്ചിരിക്കുന്നു വെന്നാണ് ആക്ഷേപമെന്നും എന്നാൽ ടി മറുപടിയുടെ പകർപ്പ് അപ്പീൽ അപേ ക്ഷയോടൊപ്പം ചേർത്തിരുന്നില്ലെന്നും ആകയാൽ ടി മറുപടിയുമായി 23.08.2018ൽ ഹീയറിംഗിന് ഹാജരാകണമെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ടി ഓഫീസിൽ 12.11.2017ലും 13.11.2017ലും പരാതി നൽകിയിരുന്നുവെന്നും ടി പരാതി സ്വീകരിച്ചതായി സ്റ്റേഷൻ രേഖകളിൽ കാണാത്തതിനാൽ ടിയാനോട് ആയത് കൈവശമുണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ടിയാനിൽ നിന്നും യാതൊരു വിധ പ്രതികരണവും ഉണ്ടായില്ലെന്നുമാണ്. എങ്കിലും സ്റ്റേഷൻ രേഖകളിൽ നിന്നും ലഭ്യമായ വിവരം ടിയാന് യഥാമസമയം തപാൽ മാർഗ്ഗം അയച്ചുകൊടുത്തുവെന്നും ടി മറുപടി യിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച അപ്പീലിന്മേലും ടിയാന് മറുപടി നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച തിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാനെ നേരിൽ കേൾക്കാൻ ആവശ്യപ്പെട്ട് നൽകിയ കത്ത് യഥാസമയം ടിയാന് ലഭിച്ചില്ല എന്നാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപമെന്നതിനാൽ ടിയാന് ഒരവസരം കൂടി നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും ടിയാന് ആവശ്യമായ രേഖ കളുടെ പകർപ്പുകൾ ഫീസ് ഈടാക്കാതെ ലഭ്യമാക്കുകയും ചെയ്തുവെന്നുമാ ണ്. തുടർന്ന് ടിയാന് ഇക്കാര്യത്തിൽ പരാതികളില്ലെന്നും പരിപൂർണ്ണ തൃപ്തനാ ണെന്നു രേഖാമൂലം സമ്മതിച്ചിട്ടുണ്ടെന്നും കമ്മീഷനു റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മേയ് 27-ാം തീയതി കമ്മീഷൻ തീർപ്പാക്കു ന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/